സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ലോക ബാങ്കിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്ന കേരളത്തിലെ ഹൈവേ പ്രോജക്ടിൽ ഉൾപ്പെടുത്തി ഉൾനാടൻ ജലപാത വികസനത്തിന്റെ ഒരു പൈലറ്റ് പ്രോജക്ട് ആയിട്ടാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്.

കന്നീസാപാലം പുനർനിർമ്മിക്കുന്നതിന് നടപടി

25 (1176) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം ബസ് സ്റ്റേഷന് വടക്കുവശം കരീമുഴ കനാലിന് കുറുകെയുള്ള കന്നീസാപാലം അപടകനിലയിലാണെന്നുള്ള നിവേദനം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എന്നാൽ നാളിതുവരെ ഈ പാലത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കണമെന്നാവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ ബന്ധപ്പെട്ട വകുപ്പിന് നല്കിയിട്ടും യാതൊരുവിധ അറ്റകുറ്റപ്പണികളും നടത്തിയിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തദ്ദേശവാസികളുടേയും യാത്രക്കാരുടേയും സൗകര്യം മാനിച്ച് ഈ പാലം കൂടുതൽ സൗകര്യപ്രദമായി പുനർനിർമ്മിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പാലത്തിന്റെ ഇന്നത്തെ അവസ്ഥ വളരെ ഗുരുതരമാണ്. ഈ അവസ്ഥയിൽ പാലത്തിന് അറ്റകുറ്റപ്പണികൾ നടത്തി ബലപ്പെടുത്താനാവില്ല. ആയതു കൊണ്ട് ഇതിനുള്ള സ്ഥിരം പരിഹാരമെന്നത് സമാന്തരമായി ഒരു പുതിയ പാലം നിർമ്മിക്കുക എന്നുള്ളതാണ്. ഇതിലേയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി അനന്തരനടപടികൾ സ്വീകരിക്കുന്നതിന് ആലോചിച്ചുവരുന്നു.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പാലം പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പിറവം മണ്ഡലത്തിലെ കനാൽ ലിങ്ക് റോഡുകൾ

26 (1177) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് പിറവം നിയോജകമണ്ഡലത്തിൽ എം.വി.ഐ.പി. ഏറ്റെടുത്ത കനാൽ ലിങ്ക് റോഡുകൾ ഏതെല്ലാം ;

(ബി) ഓരോ റോഡിനും എന്ത് തുക വീതം ചെലവഴിച്ചു ;

(സി) മുൻ സർക്കാർ അനുമതി കൊടുത്ത എത്ര കനാൽ ലിങ്ക് റോഡുകൾ ഈ സർക്കാർ റദ്ദ് ചെയ്തു ; ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റദ്ദ് ചെയ്തതിൽ ഏതെങ്കിലും റോഡുകൾ പിന്നീട് ഏറ്റെടുത്തിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം ;

(ഇ) ഇവയ്ക്കായി ഇപ്പോൾ നീക്കിവച്ചിരിക്കുന്ന തുകയും നേരത്തേ നീക്കിവച്ചിരിക്കുന്ന തുകയും എത്ര ;

(എഫ്) ഈ റോഡുകളുടെ പണി എന്നേക്ക് പൂർത്തിയാക്കാൻ കഴിയും ;

(ജി) പിറവം നിയോജകമണ്ഡലത്തിൽ മുൻസർക്കാരിന്റെ കാലത്ത് കമാന്റ് ഏരിയ ഡവലപ്പ്മെന്റ് അതോറിറ്റി അനുവാദം കൊടുത്ത എത്ര ഫാം റോഡുകൾ ഈ സർക്കാർ റദ്ദാക്കിയിട്ടുണ്ട് ; ഏതെല്ലാം ;

(എച്ച്) ഇവയ്ക്ക് ഓരോന്നിനും എത്രതുക വീതമാണ് വകയിരുത്തിയിരുന്നത് ;

(ഐ) മുൻസർക്കാരിന്റെ കാലത്ത് പിറവം നിയോജകമണ്ഡലത്തിൽ പൂർത്തിയാക്കിയ ഫാം റോഡുകൾ ഏതെല്ലാമാണ് ;

(ജെ) അവയ്ക്ക് ഓരോന്നിനും എന്ത് തുക വീതം ചെലവഴിച്ചിട്ടുണ്ട് ?

ഉത്തരം

(എ&ബി) മുൻ സർക്കാരിന്റെ കാലത്ത് പിറവം നിയോജകമണ്ഡലത്തിൽ എം.വി.ഐ.പി. ഏറ്റെടുത്ത കനാൽ ലിങ്ക് റോഡുകളുടെ പേരും അവയ്ക്ക് ഓരോന്നിനും ചെലവഴിച്ച തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു†.

(സി) മുൻ സർക്കാർ അനുമതി കൊടുത്ത 7 കനാൽ ലിങ്ക് റോഡുകൾ ഈ സർക്കാർ റദ്ദ് ചെയ്തിട്ടുണ്ട്. അവയുടെ വിവരം താഴെ കൊടുക്കുന്നു.

1. ഒള്ളിക്കൻ-കിഴക്കേക്കരപ്പടി റോഡ്
2. ചെറ്റേപ്പീടിക-കടുക്കപ്പാറ റോഡ്
3. അത്താണിക്കൽ-പൊടിപ്പാറ റോഡ്
4. കൈനി-അഞ്ചൽപ്പെട്ടി റോഡ്
5. ചൂലം-കാക്കോട്ട് റോഡ്
6. തിരുമാറാടി-അരൂർ റോഡ്
7. നെയ്തുശാലപ്പടി-ഉള്ളാപ്പള്ളി റോഡ്

(ഡി) ഉണ്ട്. താഴെപ്പറയുന്ന നാല് റോഡുകൾ ഏറ്റെടുത്തിട്ടുണ്ട്.

1. ചെറ്റേപ്പീടിക-കടുക്കപ്പാറ റോഡ്
2. അത്താണിക്കൽ-പൊടിപ്പാറ റോഡ്
3. കൈനി-അഞ്ചൽപ്പെട്ടി റോഡ്
4. ചൂലം-കാക്കോട് റോഡ്

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

(ഇ) റോഡുപണികൾക്കായി മാത്രം ഫണ്ട് നീക്കിവയ്ക്കുന്ന പതിവ് ഇല്ല. എം.വി.ഐ.പി.ക്ക് മൊത്തമായിട്ടാണ് ആക്ഷൻ പ്ലാനിൽ തുക വക കൊള്ളിക്കാറുള്ളത്.

(എഫ്) ഈ റോഡുകളുടെ പണി അടുത്ത സാമ്പത്തികവർഷത്തിൽ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ജി-ജെ) വിവരം ശേഖരിച്ചുവരുന്നു.

കനോലി കനാലിന്റെ വികസന പ്രവർത്തനം

27 (1178) ശ്രീ. എം. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കനോലി കനാലിന്റെ വികസനപ്രവർത്തനം സ്തംഭിച്ചു നില്ക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കനാലിന്റെ ഇതുവരെ നടന്ന വികസനപ്രവർത്തനത്തിന്റെ വിശദാംശവും ചെലവായ തുകയും എത്രയെന്ന് വ്യക്തമാക്കാമോ;

(സി) കനാലിൽ പലസ്ഥലത്തും മൺകൂനകളും പായലുകളും നിറഞ്ഞ ചെളിവെള്ളം കെട്ടിക്കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കനാലിന്റെ വികസനപ്രവർത്തനം പൂർത്തിയാക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1068 ലക്ഷം രൂപയ്ക്കുള്ള വികസനപ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടന്നുവരുന്നത്. ഇതുവരെ 596.92 ലക്ഷം രൂപ ചെലവായിട്ടുണ്ട്. 130 ലക്ഷം രൂപ കൂടിശ്ശിക കൊടുത്തു തീർക്കാനുണ്ട്.

(സി) ഉണ്ട്. വികസനപ്രവർത്തനം നടന്നുവരുന്നതിനാൽ പായലുകളും മൺകൂനകളും പൂർണ്ണമായി നീക്കം ചെയ്യപ്പെട്ടിട്ടില്ല.

(ഡി) ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനും പണി ഉടനെ പുനരാരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊണ്ടുവരുന്നു. 18-12-2000-ന് കോഴിക്കോട് ജില്ലാ കളക്ടർ ഈ കനാലിന്റെ നവീകരണത്തിനായി ടാസ്ക് ഫോഴ്സ് കമ്മിറ്റി രൂപീകരിച്ച് മീറ്റിംഗ് വിളിച്ചുകൂട്ടുകയും കോഴിക്കോട് കോർപ്പറേഷന്റെ പ്ലാൻ ഫണ്ടിൽ നിന്നും 100 ലക്ഷം രൂപ ലഭ്യമാക്കാൻ അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly